"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തസ്വഭവ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ് &എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. DB4/12568/RKI(492)/20/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു തീയതി: 22/01/2021

## സർക്കുലർ

വിഷയം:- തസ്വഭവ-ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് – ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെട്ട 492 പ്രവൃത്തികൾ – തുടർ നിർദ്ദേശം – സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(കൈ)നം.170/2020/തസ്വഭവ തീയതി. 04.11.2020.
2. സ.ഉ.(സാധാ)നം.2319/2020/തസ്വഭവ തീയതി. 16.12.2020.

*****

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 5054–80–800–66 എന്ന ശീർഷകത്തിൽ റീ–ബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന 208.04 കോടി രൂപ വിനിയോഗിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന 492 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഗ്രാമ പഞ്ചായത്തുകളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും, കോർപ്പറേഷൻ/മുൻസിപ്പൽ പ്രദേശങ്ങളിൽ അതത് എഞ്ചിനീയറിംഗ് വിഭാഗത്തിനും നൽകി സൂചന (2) പ്രകാരം ഉത്തരവായിരുന്നു. കൂടാതെ, പ്രവൃത്തികളുടെ ബിൽ/വൗച്ചറുകൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്ന് കൂടി സൂചന (2) ഉത്തരവിൽ പരാമർശിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ ടി-പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്ക് ചുവടെയുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തുകളിൽ ടി-പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഓഫീസ് ഫയൽ മുതലായവ കൈകാര്യം ചെയ്യുന്നതിനും Administative സഹായത്തിനുമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലറിക്കൽ വിഭാഗത്തിന്റെ സഹായവും, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൈറ്റ് സൂപ്പർവിഷൻ എന്നിവയുടെ ആവശ്യത്തിനായി ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയർമാരുടെ സേവനം ഏറ്റവും യുക്തമായ രീതിയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഓഫീസ് നടപടിക്രമം വഴി ചുമതലപ്പെടുത്തി നൽകേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

എസ്.കെ./-